

# സ്പന്ദനം

## ഡിജിറ്റൽ മാഗസിൻ

### ലിറ്റിൽ കൈറ്റ്സ്

### ജി എച്ച് എസ് എസ് പയമ്പ്ര



# ആദരാഞ്ജലികൾ



അകാലത്തിൽ പൊലിഞ്ഞുപോയ ഞങ്ങളുടെ കുരുന്നിന്

# പത്രാധിപസമിതി

ചീഫ് എഡിറ്റർ : എച്ച്.എം ജി.എച്ച്.എസ്.എസ് പയമ്പ്ര
സ്റ്റുഡന്റ് എഡിറ്റർ : പാർത്ഥിവ്.വി.കെ
സ്റ്റാഫ് എഡിറ്റർ : ബാലചന്ദ്രൻ .കെ.കെ
സരിത.കെ
എഡിറ്റോറിയൽ ബോർഡ് : കെ.ടി ശ്രീവത്സൻ മാസ്റ്റർ
വിജയലക്ഷ്മി .പി.വി
ഫൈസൽ.ഇ
കേശവൻ നമ്പൂതിരി
ഷാരംഗ്.പി
അതുൽകൃഷ്ണ .ടി
അഭിനന്ദ്.എം
ഹിബ ഫാത്തിമ
നയന.എം
ആതിര.എം.പി
മുഖചിത്രം : ഋത്വിക്ക് പറമ്പത്ത്
ലേഔട്ട് :ദിയ മനോജ്

# മുഖക്കുറിപ്പ്

ഇത്
വിവരസാങ്കേതികവിപ്ലവത്തിന്റെ
യുഗമാണ്.
ഇൻഫർമേഷൻ ടെക്നോളജിയുടെ
ആനന്ദവും അത്യൽഭുതവുമായ
സാധ്യതകളുടെ ലോകത്താണ്
നാം ജീവിക്കുന്നത്.
ക്ലാസ്റൂമുകൾ ഡിജിറ്റൽ മുന്നേറ്റത്തിലൂടെ
അന്തർ ദേശീയ നിലവാരത്തിലേക്ക്
മുന്നേറുന്ന ഇന്ന്
ലിറ്റിൽ കൈറ്റ്സ് 'ഡിജിറ്റൽ മാഗസിൻ'
തയ്യാറാക്കുകയാണ്.
ക്ലാസ്സുകളിലെ സർഗശേഷിയുടെ
സ്പന്ദനമാണ് മാഗസിനുകൾ
ആശങ്കകളും അകലതകളും
വിടുകന്ന്
ഈ സ്പന്ദനം നിങ്ങൾക്ക്
സമർപ്പിക്കുന്നു.
സ്വികരിച്ചാലും...

എഡിറ്റർ
പാർത്ഥിവ് വി.കെ



# താളുകളിൽ

**കവിത** — **പേജ്**

പെയ്തൊഴിയാതെ 09
നീലക്കടമ്പിൻ ചാരെ 12
അച്ഛന്റെ വേർപ്പാട് 14
ഓർമ്മ 26
*A FRIEND LIKE YOU* *22*
പടർന്ന പന്തലിച്ച സ്നേഹം 28
അപരാധം 31

**ലേഖനം**

പയിമ്പ്ര ചരിത്രവും വർത്തമാനവും 07
ലിറ്റിൽ കൈറ്റ്സ് 40

**കഥ**

അന്ന് പറയാൻ മറന്നത് 18
ഉറക്കാത്ത കണ്ണുകൾ 20

**കാമറകണ്ണുകളിലൂടെ....**

പ്രവൃത്തി പരിചയ മേള 11
പുസ്തക സമാഹരണം -ശ്രീ പി.എൻ കാരാട്ട് 13
ലിറ്റിൽ കൈറ്റ്സ് - ബാഡ്ജ് വിതരണം 16
അവാർഡ് ദാനം - ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് 17

| | |
|---|---|
| പുതിയ കെട്ടിടം - തറക്കല്ലിടൽ | 19 |
| സ്നേഹത്തിന്റെ കൈത്താങ്ങ്...... ഫാത്തിമ ബിസ്മിയും അനുഗ്രഹും | 24 |
| അധ്യാപക ദിനം | 25 |
| ഭക്ഷ്യ മേള | 27 |
| പച്ചക്കറി വിളവെടുപ്പ് | 29 |
| എസ്.എസ്.എൽ.സി മോട്ടിവേഷൻ | 30 |
| ടീം ലിറ്റിൽ കൈറ്റ്സ് | 33 |
| സ്കൂൾ കലോത്സവം ഉദ്ഘാടനം | 34 |
| പുസ്തകോത്സവം സമാപനം | 35 |
| പുസ്തക സമാഹരണം | 36 |
| വീക്ഷണംപത്രം സമർപ്പണം | 37 |
| പുസ്തക സമാഹരണം ഉദ്ഘാടനം | 38 |
| ശിശു ദിനാഘോഷം | 39 |

# പയിമ്പ്ര ചരിത്രവും വർത്തമാനവും

**1885**-ൽ പയിമ്പ്ര കക്കാട്ടുമൽ എന്ന പറമ്പിൽ ഇക്കണ്ടനെഴുത്തച്ഛൻ നടത്തിക്കൊണ്ടിരിക്കുന്ന എഴുപതുപള്ളിക്കൂടം.എൽ.പി.സ്കൂളായി നടത്താനുള്ള അംഗികാരം കിട്ടി തവിന്നുകണ്ടിയിൽ സ്കൂൾ ആരംഭിച്ച ഡിസ്ട്രിക്ട് ബോർഡിന്റെ കിഴിലായിരുന്നു സ്കൂളിന്റെ പേര് ബോർഡ് എലമെന്ററി എൽ.പി സ്കൂൾ എന്നായിരുന്നു 1890-ൽ പയമ്പ്ര ബോർഡ് ഹയർ എലമെന്ററി സ്കൂൾ നിലവിൽ വന്നു ആ കാലഘട്ടത്ത് കുരുവട്ടൂർ കക്കോടി ചേളന്നൂർ മടവൂർ നരിക്കുനി കിഴക്കോത്ത് കുന്നമംഗലം കാരന്തൂർ ചെലവൂർ വെള്ളനൂർ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്കാശ്രയം ഈ മഹാതായ വിദ്യാലയമായിരുന്നു.

പയമ്പ്ര ബോർഡ് ഹയർ എലമെന്ററി സ്കൂൾ ഹൈസ്കൂൾ ആക്കുന്നതിന് 2 സ്ഥലം നടുവിലാട്ട് വാസുദേവൻ മൂസ്സത്,മഠത്തിൽ തറവാട്ടുകാർ, മരുതാട്ട് തറവാട്ടുകാർ ചിങ്ങോട്ടുപുറത്ത് തറവാട്ടുകാർ സൗജന്യമായി വിട്ടുകൊടുത്തു മലയുടെ മുകളിൽ വിട്ടുകിട്ടയ സ്ഥലത്ത് ഹൈസ്കൂളിനുവേണ്ടി കെട്ടിടമുണ്ടാക്കി

ബോർഡ് ഹയർ എലിമെന്ററി സ്കൂളിനുവേണ്ടി ഉണ്ടാക്കിയ കെട്ടിടം 1969 ൽ സർക്കാറിലേക്ക് വിട്ടുകൊടുക്കുകയും സ്വതന്ത്ര സമരസേനാനി കാട്ടായി രാഘവൻ നായരുടെയും മറ്റും ശ്രമം ഫലമായി ഹൈസ്കൂളായി അംഗികാരം ലഭിക്കുകയുംചെയ്തു

2001 ഡിസംബറിൽ പ്ലസ്ടു കോഴ്സിന് അംഗികാരം ലഭിക്കുന്നതിന് ഭൗതിക സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ 4 മുറികളുള്ള കെട്ടിടം നിർമിച്ചു.2004 - 2005 ൽ പ്ലസ്ടു തുടങ്ങാനുള്ള ഉത്തരവ് ലഭിക്കുകയും ക്ലാസ് ആരംഭിക്കുകയുംചെയ്തു

## ഇന്ന്

അംഗൻവാടി മുതൽ പ്ലസ്ടു വരെ 1500 റോളം വിദ്യാർഥികൾ ഇന്ന് പയിമ്പ്ര ഹയർ സെക്കന്ററി സ്കൂളിൽ അക്ഷരാഭ്യാസം നേടുന്നു.എൽപി,യുപി,എച്ച്.എസ്,എച്ച്.എസ്.എസ് വിഭാഗങ്ങളിലായി 90 റോളം അധ്യാപകർ ഈ മഹത്തായ വിദ്യാലയത്തിൽ സേവനം നടത്തുന്നു.പയിമ്പ്രയുടെ മുഖച്ഛായ മാറുകയാണ്.ഭൗതികസൗകര്യങ്ങളുടെ കാര്യത്തിൽ അന്താരാഷ്ട്രനിലവാരത്തിലേക്ക് നമ്മുടെ സ്കൂൾ മുന്നേറുകയാണ്.6 കോടിയുടെ വികസന പ്രവർത്തനങ്ങളാണ് സ്കൂളിൽ നടന്നുവരുന്നത്.പി.ടി.എ പ്രസിഡണ്ട് ശ്രീ പ്രേമരാജന്റെ നേതൃത്വത്തിലുള്ള പി.ടി.എ. കമ്മിറ്റിയും നാട്ടുകാരും സ്കൂളിന്റെ മുന്നേറ്റത്തിൽ ഒരുമിച്ചുണ്ട്.കലാകായിക രംഗങ്ങളിൽ ജില്ലയിലെ മികച്ച സ്കൂളായി മുന്നേറാൻ നമ്മുടെ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്.

വർഷം എസ്.എസ്.എൽ.സിക്ക് 100% വിജയം ഉറപ്പാക്കാനുള്ള ആസൂത്രണ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.മോട്ടിവേഷൻ ക്ലാസുകൾ,രാത്രികാല കോഴ്സുകൾ,പഠന കോഴ്സുകൾ പഠനകോഴ്സുകൾ

എന്നിവയെല്ലാം ആസൂത്രണം ചെയ്തിട്ടുണ്ട്

ബാലചന്ദ്രൻ കെ.കെ

എച്ച്.എസ്.എ മലയാളം

(Little Kites Master)



-അവലംബം

കുരുവട്ടൂർപഴമ - പി.എൻ കാരാട്ട്

# പെയ്തൊഴിയാതെ

പെയ്തൊഴിയാതെ ആ മഴക്കാലം
ആർത്തുകരഞ്ഞൊരാ മഴക്കാലം
നാടിനെ വെള്ളത്തിലാഴ്ത്തിയ ഒരു മഴ
പെയ്തൊഴിയാതെ ആ മഴക്കാലം
ആർത്തിയോടെപാഞ്ഞെത്തിയൊരാ മഴ

വെള്ളവും ദുരിതവും കോർത്തിണക്കി മഴ
മാനവ മനസ്സിൽ പതിയുന്നിതാ മഴ
പെയ്തു പെയ്തിട്ടും തീരാത്തൊരാമഴ
മഴയിൽ മുങ്ങിയ ആ കേരളം ഇന്ന്
ദുരിതത്തിൻ വക്കിൽ എത്തിനോക്കുന്നു
ധാരാളം ജീവൻപൊലിഞ്ഞൊരാപെരുമഴ
പെയ്തൊഴിയാതെ ആ കണ്ണുനീർ ഇന്നും
പെയ്തൊഴിയാതെ വീണ്ടും ആ മഴ
ആർത്തിയോടെപാഞ്ഞെത്തിയൊരാമഴ
ദുരിതമെന്തെന്നു പഠിപ്പിച്ചൊരാമഴ
പെയ്തൊഴിയാതെ മലപോൽ ചേർത്തൊരാ
കണ്ണുനീർ ദുരിതവും മാത്രമാണിന്ന്
പെയ്തൊഴിയാതെ മനുഷ്യന്റെ ക്രൂരതയ്ക്ക്
ശക്തമായി തിരിച്ചടിച്ചേമഴ
മനുഷ്യന്റെ ക്രൂരതസഹിക്കാൻ കഴിയാതെ
പ്രകൃതിതൻ കണ്ണുനീർ മഴയായിപെയ്തു
പെയ്തൊഴിയാതെ  വീണ്ടും മഴപെയ്തു
പൊട്ടിക്കരഞ്ഞു ആകാശം അത്
മനുഷ്യമനസ്സിൽ ദുരിതമായിമാറി
മനുഷ്യന്റെ ക്രൂരതമാത്രമാ കാരണം
എന്നും മനുഷ്യൻ ഓർക്കാതെപോയി
മനുഷ്യന്റെ ക്രൂരതസഹിക്കാൻ കഴിയാതെ
പ്രകൃതിതൻ ശിക്ഷയാണീക്കോടും പ്രളയം

അകില്ലൊരിക്കലും പ്രകൃതിക്കിക്കൊടും
ക്രൂരതകൾ സഹിക്കാൻ കഴിയില്ല
പെയ്ത്തോരാതെ പ്രകൃതിതൻ കണ്ണനീർ
പെയ്യുതോരാതെ മനുഷ്യന്റെ ദുരിതവും
പെയ്യുതോരാതെ ഈ സങ്കടങ്ങൾ
പെയ്യുതോരാതെ ഈ പ്രളയം

**നന്ദിത.കെ.ടി**



# പ്രവൃത്തി പരിചയ മേള





# നീലക്കടമ്പിൻ ചാരെ

കാർമുഖിലിന്റെ ഈണം കേട്ട സഖിയെ
നിന്റെ അശ്രുമായി വന്നതാരെന്ന ചൊല്ലുമോ?
നിൻ മനസചുരുളിൽ നിന്നിട്ടു വീണ
വേദനയാണോ ഈ കാവ്യം
നിൻ കാണ്ഡത്തിൽനിന്നതിർന്ന മധുര
ഗാനം പോലെ
നിൻ സൗരഭ്യവും എൻ നെഞ്ചിൽ കൂട്ടുകൂട്ടി
നിശ്ചലമായി തുടിക്കും നിന്റെ സൗന്ദര്യം
നിൻ ചുണ്ടിൽ മന്ദഹാസം വിരിയിച്ചു
ചിറകറ്റു വീഴുന്ന പക്ഷിയെപ്പോലെ
കാറ്റിലെങ്ങോട്ടു ചലിക്കേണ്ടു എന്ന വലഞ്ഞിടുന്ന
മായാതെ എന്നിലെത്തുന്ന
പീലിയടർന്നപൊഴിഞ്ഞ മിഴി വെമ്പുകയാണോ
ഈ ഈണം
ജാലകമറവിൽ നിന്നൊളിഞ്ഞു നോക്കിടുന്ന
നിന്റെ ഈ സൗന്ദര്യം പകർന്നിടുമോ നീ
ശോഭമായ് പ്രകാശിക്കുന്ന ഈ പ്രപഞ്ചത്തിൽ
വീണമീട്ടുന്ന പ്രണയിനിയായി,മനം
കവർന്നിട്ടും കാമുകിയായി,ഇരുട്ടിന്റെ കളിക്കൂട്ടുകാരിയായി
നീലാമ്പൽപോലെ വിരിയുന്ന
നീ എന്ന ലാവണ്യം

**ആംഷി**
**10th A**



# പുസ്തക സമാഹരണം -ശ്രീ പി.എൻ കാരാട്ട്



# അച്ഛന്റെ വേർപാട്

ഉമ്മറത്തിണ്ണയിൽ കൊണ്ടുവച്ച
വെള്ളപുതച്ചൊരു എന്നച്ഛൻ
സ്വപ്നങ്ങൾ മോഹങ്ങൾ ബാക്കിയാക്കി
ഇത്തിരി സ്നേഹം പകർന്ന് തന്ന്
അച്ഛനെന്നെ തനിച്ചാക്കി അകലുകയായി
ഞാൻ കണ്ട ആയിരം സ്വപ്നങ്ങൾ
ഒരു നിമിഷം കൊണ്ട് മറഞ്ഞു പോയി
സന്തോഷം നിറഞ്ഞ ഈ കൊച്ചു വീട്ടിൽ
സങ്കടങ്ങൾ പടികയറിവന്നു
അമ്മയും ഞാനും തനിച്ചായി
അച്ഛനില്ലാത്ത ആ കൊച്ചു വീട്ടിൽ
മുറ്റത്ത് ആളുകൾ വന്നുകൂടി
എൻ സങ്കടങ്ങളിലവർ പങ്കുചേർന്നു
പൂനിലാവ് ഉദിച്ച ആ രാത്രിയിൽ
ജീവിതത്തിൽ ഞാൻ ഏകയായി
അഗ്നിജ്വാലകൾ എന്റച്ഛനെ കവർന്നെടുത്തു
അച്ഛന്റെ സ്നേഹവും കൂടെ യാത്രയായി
അമ്മയുടെ മാറിൽ ചൂടേറ്റുറങ്ങുമ്പോൾ
അച്ഛന്റെ ഓർമ്മകൾ കൂട്ടിനെത്തും
അച്ഛന്റെ സ്നേഹം നിലച്ചുപോയി
അമ്മയുടെ നൊമ്പരം നെഞ്ചിലേറ്റി
തകർത്തുപെയ്ത ആ രാത്രി മഴ
എന്റെ കണ്ണീരിനൊപ്പം ഒലിച്ചുപോയി
കരങ്ങുതളർന്ന ആ നിമിഷങ്ങൾ
ജീവിതത്തിന് നൊമ്പരമായിരുന്നു
അമ്മയുടെ മടിയിൽ തലചായ്ച്ച ഞാൻ
മനസ്സിൽ നിന്ന് മായാതെ അച്ഛന്റെ മുഖം തെളിഞ്ഞുവന്നു
മുറ്റത്തെ ആളുകൾ എങ്ങോ പോയി
തനിച്ചായി ഞാനെന്റെ കൊച്ചുവീട്ടിൽ
അച്ഛനോടൊത്തുള്ള നിമിഷങ്ങൾ
സന്തോഷം നിറഞ്ഞതായിരുന്നു

കരഞ്ഞുതളർന്ന അമ്മയുടെ മുഖം കണ്ട്
എന്റെയുള്ളിൽ കനലെരിഞ്ഞു
ആരോരുമില്ലാത്ത അമ്മയ്ക്ക് തുണയായി
അച്ഛനെല്ലാതെ വേറാരുമില്ല
ആരോരും കാണാത്ത ആ ലോകത്തിൽ
ഞങ്ങളെ തനിച്ചാക്കി അച്ഛൻ
ദൂരെ.....ദൂരെ.....യാത്രയായി
അച്ഛന്റെ വാത്സല്യം നഷ്ടമായി
അമ്മയുടെ സ്നേഹം സങ്കടമായി
അച്ഛനില്ലാത്ത നിമിഷങ്ങൾ
ആകാശത്ത് സൂര്യനില്ലാത്തതുപോലെയായി
അച്ഛന്റെ വേർപ്പാട് എന്റെ
ജീവിതത്തിൽ തീരാ വേദനയായി തങ്ങിനിന്നു

**ശ്രീരാജി.ആർ**

8th F



# ലിറ്റിൽ കൈറ്റ്സ് -ബാഡ്ജ് വിതരണം






# അവാർഡ് ദാനം - ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ബാബു പറശ്ശേരി






# അന്ന് പറയാൻ മറന്നത്

സമയം ഏഴുമണി കഴിഞ്ഞിട്ടും അവൾ എഴുന്നേറ്റില്ല."മോളെ അനു....എഴുന്നേൽക്ക്" അമ്മ അവളെ വിളിച്ചു.ഒരനക്കവുമില്ല."കുട്ടിയുടെ ഒരു കാര്യം " മുത്തശ്ശി പിറുപിറുത്തു. "നിങ്ങൾ ഒന്ന്മിണ്ടാതിരിക്ക്.ഇന്നലെ കലാമേളയിൽ തകർത്ത്നൃത്തം ചെയുകയായിരുന്നില്ലേ അവൾ?" അച്ഛൻ പറഞ്ഞു.സമയം എട്ടുമണിയും,ഒൻപതരയും കഴിഞ്ഞിട്ടും അവൾ എഴുന്നേറ്റതേയില്ല.ഇന്നലെ രാത്രി ഒരുമണിയായിക്കാണും ഉറങ്ങാൻ കിടക്കുമ്പോൾ.കുറേ കരഞ്ഞിട്ടാണ് അവൾ കിടന്നത്.എന്തിനാണ് അവൾ കരഞ്ഞതെന്ന് ആർക്കുമറിയില്ല.ഇത്രയും കാലം എന്ത് വിഷമം വന്നാലും അമ്മയോടോ,മുത്തശ്ശിയോടൊ പറയുന്നതാണ്.എന്താണ് ഈ പ്രാവശ്യം പറ്റിയതെന്ന് ആർക്കുമറിയില്ല."അന്കുട്ടീ എഴുന്നേൽക്ക്,മതി ഉറങ്ങിയത്.കുളികഴിഞ്ഞിട്ടാവാം ബാക്കി ഉറക്കം".അമ്മ അവളെ തലോടിവിളിച്ചു.പക്ഷെ,അവൾക്ക് ഒരനക്കവും ഇല്ല.'അമ്മ ഭയന്നു."ദേ ഒന്നിങ്ങോട്ടു വന്നേ"."എന്താ?"."മോള് മിണ്ടുണില്ല അച്ഛൻ വിറച്ചകയ്യുമായി അവളെ താങ്ങിയെടുത്തു കുറച്ച് വിശാലമായ അവരുടെ ബാൽക്കണിയിൽ കൊണ്ടുകിടത്തി.മുഖത്ത് വെള്ളം കുടഞ്ഞുനോക്കി.ഒന്നും മിണ്ടാത്ത തങ്ങളുടെ പൊന്നുമോളെ കണ്ട് അമ്മയും അച്ഛനും വിതുമ്പി."മോളേ"......പൊട്ടികരയുന്ന അമ്മയുടെ ശബ്ദം കേട്ട് ഓടി വന്ന അവളുടെ ചേട്ടൻ മനുവും,പിന്നെ മുത്തശ്ശിയും.ആ വീട്ടിൽ  പിന്നീടുണ്ടായ കൂട്ടക്കരച്ചിൽ കേട്ട് ഓടി വന്ന നാട്ടുകാരോട് മകളുടെ മരണവിവരം പറയാൻ കഴിയാതെ വീട്ടുകാർ.മകളുടെ മൃദുലമായ കൈത്തണ്ടയിൽ കിടന്നു കരയുന്ന അമ്മ അപ്പോഴാണ് അത് ശ്രദ്ധിച്ചത്.അവൾക്ക് ഏറ്റവും പ്രിയപ്പെട്ടതായിരുന്ന അവളുടെ മുത്തച്ഛൻ വാങ്ങിച്ചുകൊടുത്ത മോതിരം കാണാനില്ല.അമ്മയുടെ മനസ്സിൽ സംശയങ്ങൾ മൊട്ടിട്ടു.അപ്പോഴാണ് അപ്രതീക്ഷിതമായി ആ മരണവീട്ടിലേക്ക് അനുവിന്റെ പ്രിയപ്പെട്ട കൂട്ടുകാരി അമ്മു വരുന്നത്.അവിടെ കൂടിയ ജനക്കൂട്ടത്തെ കണ്ട് അവൾ ഞെട്ടി.താഴേക്ക് വരുന്ന അനുവിന്റെ അമ്മയെ കണ്ട് അവൾ ആന്റി എന്ന് വിളിച്ച് അടുത്തേക്ക്ചെന്നു."എന്താ ആന്റി ഇവിടെ ഇത്രേം ആളുകൾ?".അല്പം ഭയന്ന് വിഷമത്തോടുകൂടി അമ്മ പറയാൻ തുടങ്ങി."അത്....അത്...മോളേ...."ങ അതൊക്കെപ്പോട്ടെ.അനുവിന്റെ കളഞ്ഞുപോയ മോതിരം തരാനാ ഞാൻ വന്നത്.ഇന്നലെ ഞാൻ ആന്റിയെ ഫോണിൽ ട്രൈ ചെയ്തിരുന്നു പക്ഷെ കിട്ടിയില്ല.ഇതാ..."മകളുടെ മോതിരം കണ്ട് അമ്മ ആർത്തലച്ച് പൊട്ടിക്കരയാൻ തുടങ്ങി.അപ്പോൾ മാത്രമാണ് ബാൽക്കണിയുടെ വാതിൽക്കൽ കൂടി നിന്നവരെ അവൾ കണ്ടത്.അവൾ അങ്ങോട്ട് ചെന്നു.തന്റെ പ്രിയപ്പെട്ട കൂട്ടുകാരിയുടെ ചലനമറ്റ ശരീരം കണ്ട് എന്തുചെയ്യണമെന്നറിയാതെ അവൾ തളർന്നുപോയി.ഇന്നലെ രാത്രി ഒരുമിച്ച് നൃത്തം ചെയ്തവരാണ്.എന്നിട്ട് ഇപ്പോൾ തുളിച്ചാടിനടന്നിരുന്ന തന്റെ പ്രിയപ്പെട്ട കൂട്ടുകാരിയെ കാണാൻ വയ്യാതെ ആരോടും പറയാതെ അവൾ അവിടെ നിന്നും പടിയിറങ്ങി

കൃഷ്ണ.കെ.ടി
8th c



# പുതിയ കെട്ടിടം - തറക്കല്ലിടൽ



# തുറക്കാത്ത കണ്ണുകൾ

ഓരോ ദിവസവും രാത്രി കിടക്കാൻ നേരത്ത് അമ്മ ഏട്ടന്റെ ഫോട്ടോഎടുത്തുനോക്കും.ഏട്ടന്റെ പുഞ്ചിരി നിറഞ്ഞമുഖം അമ്മയുടെ കണ്ണീരാൽ കണ്ണാടിപോലുള്ള കണ്ണിൽ പ്രതിഫലിക്കും.ഹൃദയം പൊട്ടുന്ന കാഴ്ചയാണത്.ആ കണ്ണുനീർ അല്പനേരത്തേക്ക് മാത്രമാണ്,ഏട്ടൻ എന്നെങ്കിലും തിരിച്ചുവരുമെന്ന വിശ്വാസം അമ്മയെ പതിയെ ആ വിഷമത്തിൽനിന്ന് കരകയറ്റും.കടന്നുപോയ

അന്ന് ഏട്ടൻ വീട്ടിലേക്ക് വന്നുകയറുമ്പോഴേ മുഖം വാടിയിരുന്നു.അപ്രതീക്ഷിതമായി മാറിയ മുഖഭാവം എന്നെ വിഷമിപ്പിച്ചു സാധാരണ ചോദിക്കാറുള്ള സ്കൂൾകാര്യങ്ങളൊന്നും എന്നോട് ചോദിച്ചില്ല.ഏതോ വലിയ വിഷമം ഏട്ടന്റെ മനസ്സിൽ അലയടിക്കുന്നുവെന്ന് തോന്നി.വിളമ്പിവെച്ച ഭക്ഷണത്തിനു ഞാനും ഏട്ടനും ഇരുന്നു.ഭക്ഷണം മുഴുവനും കഴിക്കാതെ ഏട്ടൻ മുറ്റത്തേക്കിറങ്ങി .അമ്മനിർബന്ധിച്ചില്ല.ഭക്ഷണം കഴിച്ചു കഴിഞ്ഞ് പുറത്തിറങ്ങിയ ഞാൻ തിണ്ണയിൽ തലകുമ്പിട്ടിരിക്കുന്ന ഏട്ടനെയാണ് കാണുന്നത്.എന്തിനോ അമ്മ വിളിച്ചപ്പോൾ അകത്തു അകത്തു പോയി തിരിച്ചുവന്നപ്പോൾ ഏട്ടനെ കാണുന്നില്ല.അന്ന് കണ്ടതാണ് അവസാനമായി.ഇരുപത്തിരണ്ട് വർഷം.

ഇന്നും നന്ദുമോൻ ആ ഫോട്ടോയെടുത്തുകൊണ്ടുവന്ന് ചോദിക്കും ഇതാരാണെന്ന് അവന്റെ നിഷ്കളങ്കമായ ചോദ്യത്തിനുമുമ്പിൽ ഞാൻ പലപ്പോഴും പതറിപോയിട്ടുണ്ട്

നന്ദുവിന്റെ കരച്ചിൽ കേട്ടാണ് ഉണർന്നത്.എന്തിനോ വാശിപിടിച്ചുകരയുകയാണവൻ.ഇന്നവന് സ്കൂളില്ല.മഴയായതിനാൽ അവധി പ്രഖ്യാപിച്ചിട്ടുണ്ട്.രണ്ടുമൂന്ന് ദിവസമായി നല്ല മഴയാണ്.ഇപ്പോഴും തോർന്നിട്ടില്ല.

കുറച്ചുനാളായി ഭാര്യ അവളെ അവളുടെ വീട്ടിൽ കൊണ്ടാക്കണമെന്ന് ആവശ്യപ്പെടുന്നു കഴിഞ്ഞ വിഷുവിനാണ് അവസാനമായി പോയത് അവളുടെ ആവശ്യം നിറവേറ്റാനുള്ള സന്ദർഭം ഇതാണെന്ന്തോന്നി ബാഗിൽ വസ്തുങ്ങളുമായി അവർ ഒരുങ്ങി വന്നു അമ്മയോട് യാത്ര ചോദിച്ചു. നന്ദു ഉമ്മകൊടുക്കാനും മറന്നില്ല

മഴ തുടരുന്നുണ്ടായിരുന്നു കാറിനടുത്തേക്ക് നടന്നതേയുള്ളൂ തുടർന്നു നനഞ്ഞു കുതിർന്നു വഴിയിലെ ഓടകളും തോടുകളും നിറഞ്ഞൊഴുകുന്നുണ്ട് ചിലത് കവിഞ്ഞ് റോഡിലേക്ക് കയറുകയും ചെയ്യുന്നുണ്ട്. പോകുന്ന വഴിയെല്ലാം നന്ദു "മഴ..... മഴ....." എന്ന പാടിക്കൊണ്ടിരിക്കുന്നു. അവരെ അവിടെ കൊണ്ടാക്കി തിരിച്ചുവരുകയായിരുന്നു മഴ അൽപ്പം ശമിച്ചെന്നുപറയാം.വയലുകളിലെല്ലാം വെള്ളം നിറഞ്ഞിരിക്കുന്നു.താഴ്ന്ന പ്രദേശങ്ങളിൽ ചിലയിടങ്ങളിലെല്ലാം വെള്ളം കയറിയിരുന്നു.ചിലയിടങ്ങളിൽ റോഡിലേക്ക് വെള്ളം കയറിയിരുന്നു. ആ കാഴ്ചകളിലൂടെ കടന്നുവരുമ്പോഴായിരുന്നു.ആ ഫോൺകാൾ...ജോർജാണ്.വളരെ അത്യാവശ്യഘട്ടങ്ങളിലെ അവൻ വിളിക്കാറുള്ളു.ഫോൺ എടുത്തു.പിന്നെ എനിക്കെന്റെ ഓർമ്മ ഇല്ലാതായി.മനസ്സ് ഇരുപത്തിരണ്ട് വർഷം പിറകോട്ടുപോയി.ഏട്ടനെ കണ്ടെത്തിയിരിക്കുന്നു ഗുജറാത്തിലെ ഒരു ഗ്രാമത്തിലെ നിന്ന്.ഈ വാർത്ത എത്രയും പെട്ടന്ന് അമ്മയെ

അറിയിക്കണം ഫോണെടുത്തു അപ്പുറത്തെ വീട്ടിലെ കല്യാണിയേടത്തിയെ വിളിച്ചു.അവർ ഫോണെടുക്കുന്നില്ല നേരിട്ട് പറയാം എന്നുവിചാരിച്ചു വണ്ടിയെടുത്തു.വെള്ളം കയറിയ വഴികളിലൂടെ പാഞ്ഞു.ചിലയിടങ്ങളിൽ ടയർ മുങ്ങും.അതൊന്നും എന്നെ പിടിച്ചുനിർത്താൻ കഴിഞ്ഞില്ല.മരണത്തിനുമുൻപ് അമ്മ അറിയേണ്ട ഏകവാർത്ത............

ഋത്വിക്ക് പറമ്പത്ത്
10th A



# *A FRIEND LIKE YOU*

You are my best friend
because

You're there whenever I am sad
and never get tried of listening to me

You help me up when I fall
and let me be me

You know exactly what I am thinking
and make me feel like I am worth  something

You make my hard times easier
and love me when I forgot to love myself.

You believe in  me not in rumours
and are like a soothing balm in my bad times

You deny silly promises

and help me see old things in new ways.

I am so privileged to call you my friend

SUBHAGA

HSA ENGLISH



# സ്നേഹത്തിന്റെ കൈത്താങ്ങ്......

# ഫാത്തിമ ബിസ്മിയും അനുഗ്രഹും





# അധ്യാപക ദിനം





# ഓർമ്മ

അമ്മയെന്ന വാക്കിന് രണ്ടക്ഷരമേയുള്ളൂ
എന്നാൽ ഈ ലോകത്തിലെ വച്ച്
ഇത്രയും മനോഹരമായ ഒന്ന് വേറയില്ല
ഈ പ്രകൃതിയിലെ എല്ലാ വസ്തുകൾക്കും
അറിയാം അമ്മയെന്ന സത്യത്തെ
എന്നാൽ നമ്മുക്ക് മാത്രം അറിയില്ല.

അമ്മയെന്ന വാക്കിന്റെ വിലയറിയാത്തവർ
അമ്മയെ ഓർക്കാതെ പോവുന്നവർ
മറന്നു പോവുന്നു നാളെ നമ്മളും
ഒരു അമ്മയോ അച്ഛനോ ആവുമെന്ന സത്യം

കൈക്കുഞ്ഞായിപ്പിറന്ന കാലം മുതൽ
നമ്മളെ പോറ്റി വളർത്തിയ അമ്മ.
ഒരു കഷ്ടപ്പാടും അറിയാത്തെ
വളർത്തിയ അച്ഛൻ

ഈ ലോകത്തിലെ എറ്റവും
വലിയ സത്യമാണ് ഇവർ
എന്നിട്ടും നമ്മൾ അവരെ
ഓർക്കാതെ പോകുന്നു

**മേഘ്ന.ഇ**

**9.C**



# ഭക്ഷ്യ മേള





# പടർന്ന പന്തലിച്ച സ്നേഹം


കേരളമായ എന്റെ മാതാവേ
ഞാൻ നമിക്കുന്നു നിന്റെ മുന്നിൽ

മാനസപുത്രിയായി വളർന്ന
ഞാൻ നിൻ മടിത്തട്ടിൽ
മരണമെന്ന യാഥാർത്ഥ്യത്തിലും
ഞാൻ മയങ്ങും നിൻ മടിത്തട്ടിൽ
എൻ മനസ്സിൽ
നിൻ സ്ഥാനം ദൈവതുല്ല്യമല്ലോ.....
പ്രണയവും സൗഹൃദവും
എൻ അമ്മയെക്കാൾ
അത്ര ഉയരത്തില്ലല്ലോ.....
നിൻ ഭ്രഗർഭത്തിൽ ഞാൻ ജനിച്ചനാൾ
മുതൽ ഞാൻ നിൻ സ്നേഹം
നുകരുകയല്ലോ

ഒരു വൃക്ഷത്തെ പോലെ വളർന്നുന്തലിച്ചാലും അല്ലയോ മാതാവെ
നിൻ സ്നേഹം എനിക്ക് നിധിയല്ലോ.....

**സ്നേഹ.കെ.പി**

**9th A**



# പച്ചക്കറി വിളവെട്ടുപ്പ്





# എസ്.എസ്.എൽ.സി മോട്ടിവേഷൻ ;
# സുഹൈൽ അരീക്കോട്



# അപരാധം

നേരിയ ജലകണികയായ് കേഴും
എന്റെ മുഖത്ത് വന്നതിർന്ന മഴ....
ആസ്വദിച്ചീടവേ എൻ മനമൊരു
കുളിർമഴയായി മാറിയ മഴ....
കന്നിമഴയുടെ  ആഹ്ലാദതിമർപ്പുകൾ
മണ്ണിലും വിണ്ണിലും പുല്ലിലും പുൽക്കൊടിയിലും
നവനവോന്മേഷ സപന്ദങ്ങളുതിർക്കവേ...
എല്ലാം തകർത്തെറിഞ്ഞ് തിമർത്താടുന്ന
രോഷാഗ്നിയായ് ആവൾ ജ്വലിക്കവേ....
ആവതില്ല-ആയില്ല-തടയുവാൻ
അവൻ തൻ താണ്ഡവം.
തായ തൻ സത്യം ജ്വലിക്കുമ്പോൾ
തനയർ തൻ കൊലച്ചതി ഉറന്നെഴുത്തായ്-
തനിമയായ്-തീപ്പന്തമായി-സർവ്വംചാമ്പലാക്കുന്നു.

ശക്തമല്ല-ശക്തിയില്ല മക്കൾ തൽ കരങ്ങൾക്ക്
തടയുവാൻ,കാഴ്ചക്കാരനാവാനല്ലാതെ...
കഴിഞ്ഞോ?..മർത്ത്യ..നിനക്ക്?
അമ്മ തൻ സത്യം തിരിച്ചറിയാൻ മറന്ന നിനക്ക്?
'താഴ്മതാനഭ്യുന്നതി'-യെന്നു ചൊല്ലി പതിഞ്ഞ
നാവുകൾ...എഴുതി പതിഞ്ഞ നിൻ കരങ്ങൾ
ധൂമ്പരസകൽപ്പംത്തിൽ മായയിൽ മൂല്യശോഷണം സംഭവിച്ചില്ലേ ?

നീ തിരിച്ചറിഞ്ഞോ ? നേട്ടങ്ങളെല്ലാം
നഷ്ടങ്ങളായ ആ ദിനരാത്രങ്ങളെ ?
നാളെ അപരാധബോധത്താൽ
അമ്മയാം[പ്രകൃതി] കൂടുവിട്ട്
നഷ്ടബോധത്തിന്റെ മാറാപ്പുമായ്
തെരുവിലിറങ്ങുബോൾ......
തെരുവും പോലും നിനക്കില്ലാത്ത
ശൂന്യതയെ....

**ബീന പ്രഭ**

**എച്ച്.എസ്.എ.മലയാളം**



# ടീം ലിറ്റിൽ കൈറ്റ്സ്



# സ്കൂൾ കലോത്സവം ഉദ്ഘാടനം - ശ്രീ ഷിബു മുത്താട്ട്



# പുസ്തകോത്സവം സമാപനം



# പുസ്തക സമാഹരണം



# വീക്ഷണംപത്രം സമർപ്പണം - ശ്രീ സുബ്രഹ്മണ്യൻ



# പുസ്തക സമാഹരണം

# ഉദ്ഘാടനം ശ്രീ കെ. ചന്ദ്രൻ മാസ്റ്റർ



# ശിശു ദിനാഘോഷം



# ലിറ്റിൽ കൈറ്റ്സ് എന്ത് ?എന്തിന്?

## ഘടന

ഈ പദ്ധതിയിൽ അംഗങ്ങളായ വിദ്യാർത്ഥികളെ 'ലിറ്റിൽ കൈറ്റ്സ് എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു.ഒരു സ്കൂൾ യൂണിറ്റിൽ 20 മുതൽ 40 വരെ ലിറ്റിൽ കൈറ്റ്സ് ആണ് ഉണ്ടായിരിക്കുക.

മിക്സഡ് സ്കൂളുകളിൽ ഇരുവിഭാഗത്തിനും പ്രാധിനിത്യം ഉണ്ടായിരിക്കും. യൂണിറ്റ് അംഗങ്ങളുടെ ആകെ എണ്ണത്തിൽ വ്യതിയാസം വരുത്തി യൂണിറ്റാനുവദിക്കേണ്ട പ്രത്യേക സാഹചര്യമുണ്ടായാൽ,ജില്ലയിലെ എല്ലാ മാസ്റ്റർട്രെയിനിർമാരുടെയും യോഗത്തിന്റെ മിനിറ്റ്സ് സഹിതം കൈറ്റ് സംസ്ഥാന ഓഫീസിലേക്ക് അപേക്ഷ സമർപ്പിച്ചാൽ ആയത് പരിശോധിച്ച് അനുമതി നൽകുന്നതാണ്.

## പഠനമേഖലകൾ

* ഹൈടെക് ഉപകരണങ്ങളുടെ ശരിയായ ഉപയോഗരീതിയും പരിപാലനവും.
* ഭാഷാകമ്പ്യൂട്ടിങ്.
* ഗ്രാഫിക്സ്,മൾട്ടീമീഡിയ സോഫ്റ്റ്‌വേറുകളും അവയുടെ ഉൽപ്പനകളും.
* ഡോക്യുമെന്റേഷൻ.
* കമ്പ്യൂട്ടർ പ്രോഗ്രാമിങ്.
* ഇലക്ട്രോണിക്സ്.
* മൊബൈൽ ആപ്പ് നിർമാണം.
* ഇന്റർനെറ്റ്.

മാനുഷിക മൂല്യങ്ങളോടൊപ്പം സാങ്കേതിക വിദ്യയിലും മികച്ച നിലവാരം പുലർത്തുന്ന ഒരു തലമുറയെ വാർത്തെടുക്കുന്നതിനു 'ലിറ്റിൽ കൈറ്റിന് 'കഴിയും എന്ന കാര്യത്തിൽ ഒരു സംശയവുമില്ല.

സരിത.കെ

എച്ച്.എസ്.എ ഗണിതം

(Little Kites Mistress)



# നന്ദി

ഈ
സ്പന്ദനം
ഇവിടെ അവസാനിക്കുന്നില്ല
ഇത് ഒരു
തുടക്കം മാത്രം
വരും വർഷങ്ങളിൽ
താളുകൾ ഇനിയും
കൂടിക്കൊണ്ടേയിരിക്കും
പരിമിതികൾ ഒട്ടനവധിയായിരുന്നു.
മലയാളം ടൈപ്പിംഗ്,എഡിറ്റിംഗ്
എല്ലാം
വഴികാട്ടിയവർ
സഹപാഠികൾ
അധ്യാപകർ
എല്ലാവരോടും
നന്ദി അറിയിക്കുന്നു.

എഡിറ്റർ